തൊഴിലാളികളുടെ വിദ്യാഭ്യാസസൗകര്യം.

* 395. [22] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ തേയിലയും തോട്ടങ്ങളിലുള്ള തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു വല്ല ഏർപ്പാടും ഗവണ്മെൻറ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം,

(സി) അംഗീകൃത പ്രൈമറിസ്കൂൾ നടത്തുന്ന എത്ര തോട്ടങ്ങളുണ്ട്; ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തെ റബ്ബർ തേയില ഈ തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു് ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള സ്കൂളുകളിൽ കൂടുതൽ സ്ഥലസൗകര്യം കൊടുത്തും മറ്റു വിധത്തിലും സൗകര്യം നൽകുന്നുണ്ട്. അതു കൂടാതെ എസ്റ്റേറ്റ് മാനേജ്മെൻറ് നടത്തുന്ന സ്കൂളുകളിലേക്ക് ഗ്രാൻറ് കൊടുക്കുകയും ചെയ്യുന്നുണ്ട്.

(സി) അംഗീകൃത പ്രൈമറിസ്കൂൾ നടത്തുന്ന 23 തോട്ടങ്ങൾ ഉണ്ട്. * വിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി: അംഗീകൃത പ്രൈമറി സ്കൂൾ ഇല്ലാത്ത തോട്ടങ്ങൾ ഉണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. പ്രാക്കുളം ഭാസി: ആ തോട്ടങ്ങളിലെ വിദ്യാഭ്യാസം ഗവണ്മെൻറ് ഏറ്റെടുക്കുന്ന കാര്യം ആലോചിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാം.

ശ്രീ. കെ. എ. ബാലൻ: തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനു പോകാൻ നിവൃത്തിയില്ലെന്നു് അറിയാമോ?

Mr. SPEAKER: That is another question.

ശ്രീ. എൻ. പരമേശ്വരൻപിള്ള: കുറഞ്ഞ പെൻഷൻ വാങ്ങിക്കുന്ന പെൻഷൻ ഉദ്യോഗസ്ഥന്മാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നടത്തുന്നതിനു് സൗകര്യം ഇല്ലെന്നു് അറിയാമോ?

Mr. SPEAKER: That is a separate question. The hon. Member may put a separate question and get the answer.

* Please See Appendix IV.

LIBRARY ARCHIVES Kerala Legislative Assembly